No.CEE/1717/2010/KEAM-2011/TA1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# കേരള മെഡിക്കൽ/അഗ്രിക്കൾച്ചർ/വെറ്ററിനറി/എഞ്ചിനീയറിംഗ്/ ആർക്കിടെക്ച്ചർ ഡിഗ്രി കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ 2011

1. സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിൽ താഴെ കൊടുത്തിരിക്കുന്ന ഡിഗ്രി കോഴ്സുകളിലേയ്ക്ക് 2011-12 വർഷത്തെ പ്രവേശനത്തിനുള്ള പരീക്ഷകൾക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**(എ) മെഡിക്കൽ** : (i) എം.ബി.ബി.എസ്. (ii) ബി.ഡി.എസ്. (iii) ബി.എച്ച്.എം.എസ്. (iv) ബി.എ.എം.എസ്. (v) ബി.എസ്.എം.എസ്.

**(ബി) അഗ്രിക്കൾച്ചർ** : (i) ബി.എസ്‌സി. ഓണേഴ്സ് (അഗ്രിക്കൾച്ചർ)
(ii) ബി.എഫ്.എസ്‌സി. (ഫിഷറീസ്)
(iii) ബി.എസ്‌സി. ഓണേഴ്സ് (ഫോറസ്ട്രി)

**(സി) വെറ്ററിനറി** : ബി.വി.എസ്‌സി. & എ.എച്ച്.

**(ഡി) എഞ്ചിനീയറിംഗ്**: ബി.ടെക്. ഡിഗ്രി കോഴ്സുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക്. അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്, ബി.ടെക്. ഡെയറി സയൻസ് & ടെക്നോളജി എന്നീ കോഴ്സുകൾ.

**(ഇ) ആർക്കിടെക്ച്ചർ** : ബി.ആർക്ക്.

**കുറിപ്പ്**: മേൽപ്പറഞ്ഞ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്.

ബി.ആർക്ക്. പ്രവേശനത്തിനായി സംസ്ഥാനതലത്തിൽ പ്രത്യേകം പ്രവേശന പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ഈ കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആർക്കിടെക്ച്ചർ (NIASA) ദേശീയ തലത്തിൽ നടത്തുന്ന "നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഫോർ ആർക്കിടെക്ച്ചർ" (**NATA**) പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ :**

I. **നേറ്റിവിറ്റി** : അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം. Persons of Indian Origin (PIO)/ Overseas Citizen of India (OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇൻഡ്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്.

പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് അപേക്ഷിക്കുന്നവരെ, കേരളീയൻ (Keralite), കേരളീയേതരൻ I-ാം വിഭാഗം (NK-I), കേരളീയേതരൻ II-ാം വിഭാഗം (NK-II) എന്നിങ്ങനെ തരം തിരിക്കും.

**(എ)** **കേരളീയൻ** : കേരളത്തിൽ ജനിച്ച അപേക്ഷാർത്ഥിയെ കേരളീയനായി തരം തിരിക്കും. (i) അപേക്ഷകനോ അപേക്ഷകന്റെ മാതാപിതാക്കളോ കേരളത്തിലാണ് ജനിച്ചതെങ്കിലോ, (ii) അപേക്ഷകൻ പന്ത്രണ്ട് വർഷക്കാലയളവിൽ അഞ്ച് വർഷക്കാലം കേരളത്തിലെ താമസക്കാരനാണെങ്കിലോ, (iii) അപേക്ഷകൻ VIII മുതൽ XII വരെയുള്ള ക്ലാസ്സുകളിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചതോ, ആണെങ്കിൽ അത്തരക്കാരേയും കേരളീയരായി

കണക്കാക്കും. ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷാ ഫാറത്തിലെ നിശ്ചിത സ്ഥാനങ്ങളിൽ തന്നെ ലഭ്യമാക്കണം.

കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ (AIS) കുട്ടികളെ കേരളീയരായി പരിഗണിക്കുന്നതിന് രക്ഷിതാവ് കേരള കേഡറിൽ ജോലി ചെയ്യുന്ന AIS ഉദ്യോഗസ്ഥനാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സർക്കാർ/ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.

(ബി) **കേരളീയേതരൻ I-ാം വിഭാഗം** : കേരളത്തിൽ ജനിച്ചതല്ലെങ്കിലും കേരളത്തിൽ യോഗ്യതാ പരീക്ഷയ്ക്കു പഠിച്ച് താഴെ കൊടുത്തിരിക്കുന്ന വിഭാഗത്തിലുള്ള കേരളീയേതരരായ രക്ഷാകർത്താക്കളുടെ മകനെ/മകളെ കേരളീയേതരൻ I-ാം വിഭാഗം ആയി തരം തിരിക്കും.

(i) കേരളത്തിൽ ജോലിക്കു നിയോഗിക്കപ്പെട്ട ഇന്ത്യാ ഗവൺമെന്റ് ജീവനക്കാരും പ്രതിരോധ വകുപ്പു ജീവനക്കാരും.

(ii) കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞത് രണ്ട് വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്നവർ.

കേരളീയേതരൻ I-ാം വിഭാഗം അപേക്ഷാർത്ഥികൾക്ക് എഞ്ചിനീയറിംഗ്/മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ എല്ലാ സീറ്റുകളിലേക്കും അർഹതയുണ്ട്. എന്നാൽ സാമുദായിക/പ്രത്യേക/വികലാംഗ സംവരണത്തിന് ഇവരെ പരിഗണിക്കുന്നതല്ല.

(സി) **കേരളീയേതരൻ II-ാം വിഭാഗം** : കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നീ വിഭാഗ ങ്ങളിൽപ്പെടാത്ത അപേക്ഷാർത്ഥികളെ കേരളീയേതരൻ II-ാം വിഭാഗം ആയി തരം തിരിക്കും. സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളിലേയ്ക്കും മാത്രമേ ഇവരെ പരിഗണിക്കുകയുള്ളൂ. സാമുദായിക/പ്രത്യേക/ വികലാംഗ സംവരണത്തിന് ഇവർക്ക് അർഹതയില്ല.

## II. **വിദ്യാഭ്യാസ യോഗ്യത** :

(i) **മെഡിക്കൽ കോഴ്സുകൾ** : ഹയർ സെക്കന്ററി പരീക്ഷ അഥവാ തത്തുല്യ പരീക്ഷയിൽ ബയോളജി/ബയോടെക്നോളജിക്കു മാത്രമായി 50% മാർക്കും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നീ വിഷയങ്ങൾക്ക് മൊത്തമായി 50% മാർക്കും നേടി പരീക്ഷ ജയിച്ചിരിക്കണം. എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ മെഡിക്കൽ പ്രവേശന പരീക്ഷയിലും 50% മാർക്ക് നേടണം. (ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മാർഗ്ഗനിർദ്ദേശമനുസരിച്ച്). ഇവർ 2011ലെ കേന്ദ്രീകൃത അലോട്ട്മെന്റിൽ പ്രവേശനം നേടുന്നതിനു മുൻപ് യോഗ്യതാ പരീക്ഷ ജയിച്ച് പ്രവേശനത്തിന് അർഹത നേടിയിരിക്കേണ്ടതാണ്. പ്രവേശന പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന റാങ്ക് ലിസ്റ്റ് അനുസരിച്ചായിരിക്കും മെഡിക്കൽ കോഴ്സുകളുടെ പ്രവേശനം.

**ബി.എസ്സി. ബിരുദക്കാർക്കുള്ള യോഗ്യത** : ബി.എസ്സി. ബിരുദത്തെ അടിസ്ഥാന പ്പെടുത്തി എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി.എസ്.എം.എസ്. എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കുന്നവർ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ബയോടെക്നോളജി എന്നീ വിഷയങ്ങളിൽ ഒന്ന് മുഖ്യവിഷയവും, ഇവയിൽ ഒന്നോ രണ്ടോ എണ്ണം ഉപവിഷയങ്ങളുമായി സ്വീകരിച്ച് അവയ്ക്ക് മൊത്തമായി 50% മാർക്കോടെ ബിരുദം എടുത്തിട്ടുള്ളവരും, ഹയർ സെക്കന്ററി/പ്രീഡിഗ്രി/തത്തുല്യ പരീക്ഷയ്ക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ ഐച്ഛിക വിഷയമായി എടുത്തു പാസ്സായിട്ടുള്ളവരുമായിരിക്കണം.

(ii) **അഗ്രിക്കൾച്ചർ/വെറ്ററിനറി കോഴ്സുകൾ** : ഹയർ സെക്കന്ററി പരീക്ഷ അഥവാ തത്തുല്യ പരീക്ഷയിൽ ബയോളജിക്കു മാത്രമായി 50% മാർക്കും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തമായി 50% മാർക്കും നേടി പരീക്ഷ ജയിച്ചിരിക്കണം. ബി.വി.എസ്സി & എ.എച്ച്. കോഴ്സിനു പ്രവേശനത്തിനായി മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതയ്ക്കു പുറമെ, യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി,

ഇംഗ്ലീഷ് ഇവയ്ക്ക് മൊത്തത്തിൽ ഏറ്റവും കുറഞ്ഞത് 50% മാർക്ക് (1993ലെ ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ റെഗുലേഷൻ അനുസരിച്ച്) നേടി യോഗ്യതാ പരീക്ഷ പാസായിരിക്കണം. ഇവർ 2011ലെ കേന്ദ്രീകൃത അലോട്ട്മെന്റിൽ പ്രവേശനം നേടുന്ന തീയതിയിൽ യോഗ്യതാ പരീക്ഷ ജയിച്ച് പ്രവേശനത്തിന് അർഹത നേടിയിരിക്കേണ്ടതാണ്. പ്രവേശന പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന റാങ്ക് ലിസ്റ്റ് അനുസരിച്ചായിരിക്കും അഗ്രിക്കൾച്ചർ/വെറ്ററിനറി കോഴ്സുകളുടെ പ്രവേശനം.

**കുറിപ്പ്:** ആയുർവ്വേദ/സിദ്ധ/ഹോമിയോ/വെറ്ററിനറി/അഗ്രിക്കൾച്ചർ/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളുടെ പ്രവേശനത്തിന് മെഡിക്കൽ റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കപ്പെടാൻ വിദ്യാർത്ഥികൾ മെഡിക്കൽ പ്രവേശന പരീക്ഷയുടെ ഒന്നും രണ്ടും പേപ്പറിന് മിനിമം പത്ത് മാർക്ക് വീതം നേടിയിരിക്കണം. SC/ST വിഭാഗം വിദ്യാർത്ഥികൾക്ക് മിനിമം മാർക്ക് നിബന്ധനയില്ല.

(iii) **എഞ്ചിനീയറിംഗ് കോഴ്സുകൾ** : 2011 ലെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് റാങ്ക് നിശ്ചയിക്കുന്നതിന് പ്രവേശന പരീക്ഷയുടെയും യോഗ്യതാ പരീക്ഷയുടെയും മാർക്കിന് തുല്യ പരിഗണന നൽകുന്നതാണ്. രണ്ടാം വർഷ പ്ലസ് ടു/തത്തുല്യ പരീക്ഷയിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ (മാത്തമാറ്റിക്സ്, ഫിസിക്സ് എന്നീ വിഷയങ്ങളും കെമിസ്ട്രി, കംപ്യൂട്ടർ സയൻസ്, ബയോടെക്നോളജി, ബയോളജി എന്നീ വിഷയങ്ങളിലൊന്നും) ലഭിച്ച മാർക്കാണ് പരിഗണിക്കുന്നത്. കേരള ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയുടെ ബന്ധപ്പെട്ട വിഷയങ്ങളിലുള്ള മാർക്ക് അതേപടി പരിഗണിക്കുന്നതാണ്. മറ്റു ബോർഡുകളുടെ യോഗ്യതാ പരീക്ഷയുടെ ബന്ധപ്പെട്ട വിഷയങ്ങളിലുള്ള മാർക്ക് പ്രോസ്പെക്ടസ് 9.7.4 (b) ക്ലോസ് പ്രകാരം നോർമലൈസ് ചെയ്തതിനുശേഷമാണ് പരിഗണി ക്കുന്നത്.

എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കപ്പെടാൻ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയുടെ ഒന്നും രണ്ടും പേപ്പറിന് മിനിമം പത്ത് മാർക്ക് വീതം നേടിയിരിക്കണം. SC/ST വിഭാഗം വിദ്യാർത്ഥികൾക്ക് മിനിമം മാർക്ക് നിബന്ധനയില്ല.

കേരള ഹയർ സെക്കന്ററി പരീക്ഷ അഥവാ തത്തുല്യ പരീക്ഷയിൽ മാത്തമാറ്റിക്സിനു മാത്രം 50 ശതമാനവും മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/കമ്പ്യൂട്ടർ സയൻസ്/ബയോടെക്നോളജി/ബയോളജി എന്നിവയ്ക്കു മൊത്തം 50 ശതമാനവും മാർക്കോടെ ജയിച്ചവർ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിന് അർഹരാണ്. യോഗ്യതാ പരീക്ഷ പാസായ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പി ഉള്ളടക്കം ചെയ്യേണ്ട താണ്. യോഗ്യതാ പരീക്ഷ എഴുതിയവർ/എഴുതുന്നവർക്കും പ്രവേശന പരീക്ഷകൾക്ക് പങ്കെടുക്കുവാൻ യോഗ്യതയുണ്ട്. ഇവർ **31.05.2011** നോ അതിനു മുമ്പോ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പി പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ബോർഡ് ഓഫ് ടെക്നിക്കൽ എക്സാമിനേഷൻസ്, കേരള നൽകുന്ന ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ/തത്തുല്യ യോഗ്യതയുള്ള, അവസാന വർഷത്തിൽ 50% മാർക്ക് നേടി ഡിപ്ലോമ പരീക്ഷ പാസായവർക്ക് പ്രവേശനത്തിന് അർഹതയുണ്ട്. ഡിപ്ലോമ പരീക്ഷ എഴുതുന്നവർക്കും അപേക്ഷ നൽകാവുന്നതാണ്. ഇവർക്കായി പ്രത്യേകം സംവരണം ചെയ്തിട്ടുള്ള 4 സീറ്റുകളിലേക്ക് (DE ക്വോട്ട) മാത്രമായിരിക്കും പ്രവേശനം. പ്രവേശന പരീക്ഷയുടെ മാർക്കിന്റെ മാത്രം അടിസ്ഥാനത്തിലായിരിക്കും ഇവരുടെ റാങ്ക് നിർണ്ണയിക്കുക. പ്രവേശനം നേടുന്നതിനു മുൻപ് ഇവർ യോഗ്യതാ പരീക്ഷ ജയിച്ച് പ്രവേശനത്തിന് അർഹത നേടിയിരിക്കേണ്ടതാണ്. എന്നാൽ ഡിപ്ലോമക്കാർക്ക് കേരള കാർഷിക സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(iv) **ആർക്കിടെക്ച്ചർ കോഴ്സ്** : മാത്തമാറ്റിക്സ് ഒരു വിഷയമായെടുത്ത് മൊത്തത്തിൽ 50% മാർക്കോടെ 10+2 സ്കീമിലുള്ള സീനിയർ സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷയോ തത്തുല്യ പരീക്ഷയോ ജയിച്ചിരിക്കണം. അല്ലെങ്കിൽ, കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ട്രീമിലുള്ള 10+3 ഡിപ്ലോമയിൽ മൊത്തത്തിൽ 50%

മാർക്കോടെ പാസ്സായിരിക്കണം. അല്ലെങ്കിൽ പത്ത് വർഷ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മാത്തമാറ്റിക്സ് ഒരു നിർബന്ധ വിഷയമായി പഠിച്ച് മൊത്തത്തിൽ 50% മാർക്കോടെ പാസായ ഇന്റർനാഷണൽ ബക്കാലാറേറ്റ് ഡിപ്ലോമ. ഇതിനു പുറമെ **NATA** (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ) യിൽ **40% സ്കോർ (200ൽ 80 മാർക്ക്)** നേടിയിരിക്കണം. ആർക്കിടെക്ച്ചർ കോഴ്സിന് അപേക്ഷിക്കുന്ന സംവരണ പരിധിയിൽ വരുന്ന വിദ്യാർത്ഥികളും **(SC/ST/SEBC) NATAയിൽ 40% സ്കോർ** നേടിയിരിക്കണം. (കൗൺസിൽ ഓഫ് ആർക്കിടെക്ച്ചറിന്റെ (COA) നിബന്ധന പ്രകാരം)

ആർക്കിടെക്ച്ചർ കോഴ്സിനു മാത്രമായി അപേക്ഷിക്കുന്നവരും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കണം. എന്നാൽ ഇവർ NATA പരീക്ഷ എഴുതി NATA സ്കോറും, യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റും **31.05.2011** നോ അതിനു മുമ്പോ പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

III. **യോഗ്യതാ പരീക്ഷയിലെ മാർക്കിൽ ഇളവ്** : വാർഷിക കുടുംബ വരുമാനം 4,50,000/- രൂപ (നാല് ലക്ഷത്തി അമ്പതിനായിരം രൂപ) വരെയുള്ള, സാമൂഹികമായും, വിദ്യാഭ്യാസപരമായും പിന്നോക്ക വിഭാഗത്തിൽ (എസ്.ഇ.ബി.സി) ഉൾപ്പെട്ടവർക്ക് എല്ലാ കോഴ്സുകളിലും യോഗ്യതാ പരീക്ഷയിൽ 5% മാർക്കിന്റെ ഇളവ് അനുവദിക്കുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർ യോഗ്യതാ പരീക്ഷ പാസായിരുന്നാൽ മാത്രം മതിയാകും. SC/ST വിഭാഗത്തിലുള്ളവരെ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സു കളിലേക്ക് പരിഗണിക്കണമെങ്കിൽ യോഗ്യതാ പരീക്ഷയിൽ 40% മാർക്കും മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് 40% മാർക്കും നേടണം. ഈ കോഴ്സുകളിലേയ്ക്ക് പ്രവേശനം തേടുന്ന SEBC വിഭാഗക്കാർ യോഗ്യതാ പരീക്ഷയിൽ ബയോളജി/ബയോടെക്നോളജിക്ക് 45% മാർക്കും എല്ലാ ഐച്ഛിക വിഷയങ്ങൾക്കും കൂടി 45% മാർക്കും, മെഡിക്കൽ പ്രവേശന പരീക്ഷയിൽ 40% മാർക്കും നേടണം. (മെഡിക്കൽ കൗൺസിൽ നിർദ്ദേശ പ്രകാരം). 40 മുതൽ 70 ശതമാനം വരെ ചലന സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് MBBS കോഴ്സിന് യോഗ്യത നേടാൻ യോഗ്യതാ പരീക്ഷയിൽ ബയോളജി/ബയോടെക്നോളജിക്ക് 45% മാർക്കും ബയോളജി/ബയോടെക്നോളജി, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 45% മാർക്കും നേടേണ്ടതാണ്. ഈ വിഭാഗക്കാർക്ക് MBBS റാങ്ക് ലിസ്റ്റിൽ യോഗ്യത നേടാൻ പ്രവേശന പരീക്ഷയ്ക്ക് 45% മാർക്ക് നേടേണ്ടതാണ്.

IV. **വയസ്സ്** : അപേക്ഷകന് 31.12.2011ൽ 17 (പതിനേഴ്) വയസ്സ് പൂർത്തിയായിരിക്കണം.

3. **പ്രവേശന പരീക്ഷകളുടെ സമയ വിവര പട്ടിക** : 2011ലെ പ്രവേശന പരീക്ഷകൾ താഴെ കാണിച്ചിരിക്കുന്ന തീയതികളിൽ കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങൾ, ന്യൂഡെൽഹി, ദുബായ് (യു.എ.ഇ.) എന്നിവിടങ്ങളിൽ വച്ച് ഇൻഡ്യൻ സ്റ്റാൻഡേർഡ് സമയമനുസരിച്ച് നടത്തുന്നതായിരിക്കും.

| **എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ : (ആർക്കിടെക്ച്ചർ ഒഴികെയുള്ള എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)** | | | | |
|---|---|---|---|---|
| 18.04.2011 | തിങ്കൾ | 10.00 am - 12.30 pm | പേപ്പർ - 1 | ഫിസിക്സ് & കെമിസ്ട്രി |
| 19.04.2011 | ചൊവ്വ | 10.00 am - 12.30 pm | പേപ്പർ - 2 | മാത്തമാറ്റിക്സ് |
| **മെഡിക്കൽ/അഗ്രിക്കൾച്ചർ പ്രവേശന പരീക്ഷ : (മെഡിക്കൽ/അഗ്രിക്കൾച്ചർ/വെറ്ററിനറി കോഴ്സുകൾക്ക്)** | | | | |
| 20.04.2011 | ബുധൻ | 10.00 am - 12.30 pm | പേപ്പർ - 1 | കെമിസ്ട്രി & ഫിസിക്സ് |
| 20.04.2011 | ബുധൻ | 2 pm - 4.30 pm | പേപ്പർ - 2 | ബയോളജി |

4. **അപേക്ഷാ ഫാറം :**

(എ) മെഡിക്കൽ/അഗ്രിക്കൾച്ചർ/വെറ്ററിനറി/എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോഴ്സുകളിൽ ഒന്നിനോ അതിൽ കൂടുതലോ കോഴ്സുകൾക്കായി അപേക്ഷിക്കുന്നവർ പൊതുവായി ഒരു അപേക്ഷ സമർപ്പിച്ചാൽ മതി.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അപേക്ഷകർ പിങ്ക് നിറത്തിലുള്ള അപേക്ഷാ ഫാറത്തിലും മറ്റുള്ളവർ ഇളം പച്ച നിറത്തിലുള്ള ജനറൽ അപേക്ഷാ ഫാറത്തിലുമാണ്

അപേക്ഷിക്കേണ്ടത്. മിശ്രവിവാഹിതരായ ദമ്പതികളിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പ്പെടുന്നയാളാണെങ്കിൽ അവരുടെ മക്കളായ അപേക്ഷകർ SC/ST വിഭാഗങ്ങൾക്കുള്ള അപേക്ഷാ ഫാറമാണ് ഉപയോഗിക്കേണ്ടത്.

(സി) **അപേക്ഷാ ഫാറത്തിന്റെ ഫീസ് : ജനറൽ വിഭാഗം - 700/- രൂപ**

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം - 350/- രൂപ**

**കുറിപ്പ് :-** പട്ടികവർഗ്ഗ വിഭാഗത്തിൽ (ST) വരുന്ന അപേക്ഷാർത്ഥികൾക്ക്, അവരുടെ വാർഷിക കുടുംബ വരുമാനം 40,000/- രൂപയിൽ താഴെയാണെങ്കിൽ അപേക്ഷാ ഫാറം സൗജന്യ മായിരിക്കും. 40,000/- രൂപയിൽ താഴെ മാത്രം വാർഷിക കുടുംബ വരുമാനമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അപേക്ഷാ ഫാറം പട്ടികവർഗ്ഗ വികസന ജില്ലാ ആഫീസിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. ഈ ആനുകൂല്യത്തിന് അർഹതയുള്ളവർ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റുമായി പട്ടികവർഗ്ഗ വികസന ജില്ലാ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

(ഡി) **അപേക്ഷാ ഫാറം വിതരണ കേന്ദ്രങ്ങൾ** : അപേക്ഷാ ഫാറവും പ്രോസ്പെക്ടസും **19.01.2011 മുതൽ 14.02.2011 വരെ** പോസ്റ്റ് ഓഫീസിന്റെ കേരളത്തിനകത്തും പുറത്തുമുള്ള തെരഞ്ഞെടുക്കപ്പെട്ട ശാഖകൾ വഴി വിതരണം ചെയ്യുന്നതാണ്. അപേക്ഷാ ഫാറത്തിന്റെ ഫീസ് വിതരണ കേന്ദ്രത്തിൽ നേരിട്ട് അടച്ച് അപേക്ഷാ ഫാറം കൈപ്പറ്റാവുന്നതാണ്. അപേക്ഷാ ഫാറം ലഭിക്കുന്ന പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നോ തപാൽ മാർഗ്ഗമോ അപേക്ഷാ ഫാറം ലഭിക്കുന്നതല്ല.

(ഇ) **അപേക്ഷാ ഫാറത്തിനൊപ്പം ലഭിക്കുന്നവ** : അപേക്ഷാ ഫാറത്തോടൊപ്പം ഒ.എം.ആർ. ഡേറ്റാ ഷീറ്റും ഉള്ളടക്കം ചെയ്ത പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽവിലാസം രേഖപ്പെടുത്തിയ ഒരു കവറും പ്രോസ്പെക്ടസ്സും എല്ലാ അപേക്ഷകർക്കും ലഭിക്കുന്നതാണ്. അപേക്ഷാ ഫാറം, ഒ.എം.ആർ. ഡേറ്റാ ഷീറ്റ്, കവർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രമനമ്പർ ഒന്നുതന്നെയാണെന്ന് അപേക്ഷകർ വില്പന കേന്ദ്രത്തിൽ നിന്നും അപേക്ഷ വാങ്ങുന്ന വേളയിൽ തന്നെ ഉറപ്പു വരുത്തേണ്ടതാണ്.

(എഫ്) **ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ സൗകര്യം** : സംവരണത്തിന് അർഹതയില്ലാത്ത, കേരളീയരായ അപേക്ഷകർക്കും കേരളീയേതരരായ അപേക്ഷകർക്കും **www.cee-kerala.org** എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിജയകരമായി വെബ്സൈറ്റിലൂടെ ഡാറ്റാ രേഖപ്പെടുത്തികഴിയുമ്പോൾ ഒരു അപേക്ഷാ നമ്പർ ലഭിക്കുന്ന താണ്. ഈ അപേക്ഷയുടെ ഒരു പ്രിന്റൗട്ട് എടുത്ത്, പ്രിന്റൗട്ടിൽ ലഭ്യമായ ചെലാൻ ഉപയോഗിച്ച് അപേക്ഷാ ഫീസായ **700/- രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT)** ഏതെങ്കിലും ശാഖയിൽ ഒടുക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, ആവശ്യമായ സർട്ടിഫിക്കറ്റുകൾ, ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ചെലാൻ എന്നിവയോടൊപ്പം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്കുമുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ **സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT)** ബ്രാഞ്ചുകളിൽ ചെലാൻ വഴി അപേക്ഷാ ഫീസ് ഒടുക്കാൻ സാധിക്കാത്ത അപേക്ഷകർക്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്ത, തിരുവനന്തപുരത്ത് മാറാവുന്ന **700/- രൂപയുടെ** ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷാ ഫീസായി അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം സമർപ്പിക്കാവുന്നതാണ്. (ഡിമാന്റ് ഡ്രാഫ്റ്റിനു പുറകിൽ അവരുടെ പേര്, അപേക്ഷാ നമ്പർ എന്നിവ നിർബന്ധമായും എഴുതേണ്ടതാണ്). ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, അവശ്യ സർട്ടിഫിക്കറ്റുകൾ, ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ചെലാൻ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിച്ചാൽ മാത്രമേ ഓൺലൈൻ അപേക്ഷാ സമർപ്പണം പൂർത്തിയാവുകയുള്ളൂ.

(ജി) **ദുബായ് (UAE) പരീക്ഷാ കേന്ദ്രമായി അപേക്ഷിക്കുന്നവർ** : ദുബായ് കേന്ദ്രത്തിൽ പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾ, അവരുടെ അപേക്ഷയോടൊപ്പം പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്തതും,

തിരുവനന്തപുരത്ത് മാറാവുന്നതുമായ **8,500/- രൂപയുടെ** ഡിമാന്റ് ഡ്രാഫ്റ്റും സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്ന, ദുബായ് കേന്ദ്രത്തിൽ പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾ, അപേക്ഷാ ഫീസായ **700/- രൂപയുടെയും** ദുബായ് സെന്റർ ഫീസായ **8,500/- രൂപയുടെയും** രണ്ട് ഡിമാന്റ് ഡ്രാഫ്റ്റുകൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ കേന്ദ്രത്തിൽ പരീക്ഷ എഴുതുന്നവർ, പരീക്ഷകൾ നടക്കുന്നത് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയമനുസരിച്ചായിരിക്കുമെന്നത് ശ്രദ്ധിക്കുക.

5. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും** : പൂരിപ്പിച്ച അപേക്ഷാ ഫാറവും ഒ.എം.ആർ. ഡേറ്റാ ഷീറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മറ്റ് രേഖകളും അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള പരീക്ഷാ കമ്മീഷണറുടെ മേൽവിലാസം രേഖപ്പെടുത്തിയ കവറിൽതന്നെ **2011 ഫെബ്രുവരി 14-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി** നേരിട്ടോ, രജിസ്റ്റേർഡ് തപാൽ മുഖാന്തിരമോ, സ്പീഡ് പോസ്റ്റ് വഴിയോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ അവധി ദിവസങ്ങളിലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്.
6. **വൈകി ലഭിക്കുന്ന അപേക്ഷകൾ** : വൈകി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. ആയതിനാൽ പൂരിപ്പിച്ച അപേക്ഷാ ഫാറങ്ങൾ എത്രയും നേരത്തെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.
7. അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ അപേക്ഷാ ഫോമിൽതന്നെ സമർപ്പിക്കേണ്ടതാണ്.
8. അപൂർണ്ണമായതും പോരായ്മയുള്ളതുമായ അപേക്ഷകൾ അപേക്ഷ കിട്ടുമ്പോൾതന്നെ നിരസിക്കുന്നതാണ്. ഇതു സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.
9. പ്രവേശന പരീക്ഷകളും അതിന്റെ അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റും സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. 2011-ലെ കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ പ്രോസ്പെക്ടസ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ **www.cee-kerala.org** ൽ ലഭ്യമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ അറിഞ്ഞിരിക്കേണ്ടതാണ്.

*** പ്രവേശന പരീക്ഷയെയും അനുബന്ധ വിഷയങ്ങളെയും സംബന്ധിച്ചുള്ള ആധികാരികമായ വിവരങ്ങൾ അറിയുന്നതിന് www.cee-kerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.**

**ഹെൽപ്പ് ലൈൻ നമ്പരുകൾ : 0471-2115311, 2115312, 2115313.**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17.01.2011

ഉള്ളടക്കം : അപേക്ഷാ ഫാറം വിതരണം ചെയ്യുന്ന പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ്

## ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ്, ഇന്ത്യ

### 2011ലെ കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ അപേക്ഷാ ഫാറം വിതരണം ചെയ്യുന്ന തെരെഞ്ഞെടുക്കപ്പെട്ട പോസ്റ്റ് ഓഫീസുകൾ

| ക്രമ.നം. | പോസ്റ്റ് ഓഫീസിന്റെ പേര് | ക്രമ.നം. | പോസ്റ്റ് ഓഫീസിന്റെ പേര് |
|---|---|---|---|
| **തിരുവനന്തപുരം ജില്ല** | | | |
| 1 | ആറ്റിങ്ങൽ എച്ച് ഒ | 15 | പേരൂർക്കട |
| 2 | ബാലരാമപുരം | 16 | പൂജപ്പുര |
| 3 | കല്ലമ്പലം | 17 | പോത്തൻകോട് |
| 4 | കരമന | 18 | ശാസ്തമംഗലം |
| 5 | കാട്ടാക്കട | 19 | ശ്രീകാര്യം |
| 6 | കഴക്കൂട്ടം | 20 | തൈക്കാട് എച്ച് ഒ |
| 7 | കേരള യൂണിവേഴ്സിറ്റി ആഫീസ് കാമ്പസ് | 21 | തിരുവനന്തപുരം ബീച്ച് പി ഒ |
| 8 | കിളിമാനൂർ | 22 | തിരുവനന്തപുരം ഫോർട്ട് പി ഒ |
| 9 | മെഡിക്കൽ കോളേജ് പി ഒ | 23 | തിരുവനന്തപുരം ജി.പി.ഒ |
| 10 | നാലാഞ്ചിറ | 24 | വർക്കല |
| 11 | നെടുമങ്ങാട് | 25 | വട്ടിയൂർക്കാവ് |
| 12 | നെയ്യാറ്റിൻകര എച്ച് ഒ | 26 | വെമ്പായം |
| 13 | പാറശ്ശാല | 27 | വെഞ്ഞാറമൂട് |
| 14 | പട്ടം പാലസ് പി ഒ | 28 | വിഴിഞ്ഞം |
| **കൊല്ലം ജില്ല** | | | |
| 29 | അഞ്ചൽ | 37 | കൊട്ടിയം |
| 30 | ചാത്തന്നൂർ | 38 | കുണ്ടറ |
| 31 | ചവറ | 39 | ഓച്ചിറ |
| 32 | കരുനാഗപ്പള്ളി എച്ച് ഒ | 40 | പറവൂർ |
| 33 | കിളികൊല്ലൂർ | 41 | പത്തനാപുരം |
| 34 | കൊല്ലം കച്ചേരി പി ഒ | 42 | പുലമൺ |
| 35 | കൊല്ലം എച്ച് ഒ | 43 | പുനലൂർ |
| 36 | കൊട്ടാരക്കര എച്ച് ഒ | | |
| **പത്തനംതിട്ട ജില്ല** | | | |
| 44 | അടൂർ എച്ച് ഒ | 49 | പന്തളം |
| 45 | കോന്നി | 50 | പത്തനംതിട്ട എച്ച് ഒ |
| 46 | കോഴഞ്ചേരി | 51 | റാന്നി |
| 47 | മല്ലപ്പള്ളി | 52 | തിരുവല്ല എച്ച് ഒ |
| 48 | മഞ്ചാടി ജംങ്ഷൻ പി ഒ | | |
| **ആലപ്പുഴ ജില്ല** | | | |
| 53 | ആലപ്പുഴ എച്ച് ഒ | 58 | കായംകുളം എച്ച് ഒ |
| 54 | ചെങ്ങന്നൂർ എച്ച് ഒ | 59 | മാവേലിക്കര എച്ച് ഒ |
| 55 | ചേർത്തല എച്ച് ഒ | 60 | പുളിങ്കുന്ന് |
| 56 | ഹരിപ്പാട് | 61 | സനാതനപുരം |
| 57 | കാർത്തികപള്ളി | | |

| | | | |
|---|---|---|---|
| **കോട്ടയം ജില്ല** | | | |
| 62 | അരുണാപുരം | 75 | കുടമാളൂർ |
| 63 | ചങ്ങനാശ്ശേരി എച്ച് ഒ | 76 | കുമാരനല്ലൂർ |
| 64 | ചങ്ങനാശ്ശേരി എസ്.ബി. കോളേജ് | 77 | മണർകാട് |
| 65 | ചിങ്ങവനം | 78 | മണിമല |
| 66 | ഈരാറ്റുപേട്ട | 79 | മുണ്ടക്കയം |
| 67 | എരുമേലി | 80 | പാലാ എച്ച് ഒ |
| 68 | ഏറ്റുമാനൂർ | 81 | പാമ്പാടി |
| 69 | ഗാന്ധിനഗർ, കോട്ടയം | 82 | പി.ഡി. ഹിൽസ് പി ഒ, കോട്ടയം |
| 70 | കങ്ങഴ | 83 | പുതുപ്പള്ളി |
| 71 | കാഞ്ഞിരപ്പള്ളി എച്ച് ഒ | 84 | ഉഴവൂർ |
| 72 | കറുകച്ചാൽ | 85 | വൈക്കം എച്ച് ഒ |
| 73 | കോട്ടയം കളക്ടറേറ്റ് | 86 | വാകത്താനം |
| 74 | കോട്ടയം എച്ച് ഒ | | |
| **ഇടുക്കി ജില്ല** | | | |
| 87 | കട്ടപ്പന എച്ച് ഒ | 90 | നെടുംങ്കണ്ടം |
| 88 | കുമിളി | 91 | പീരുമേട് |
| 89 | മൂന്നാർ | 92 | തൊടുപുഴ എച്ച് ഒ |
| **എറണാകുളം ജില്ല** | | | |
| 93 | ആലുവ | 101 | കോതമംഗലം |
| 94 | അങ്കമാലി | 102 | മൂവാറ്റുപുഴ |
| 95 | ഇടപ്പള്ളി | 103 | നോർത്ത് പറവൂർ |
| 96 | എറണാകുളം എച്ച് ഒ | 104 | പാലാരിവട്ടം |
| 97 | എറണാകുളം എം.ജി. റോഡ് | 105 | പെരുമ്പാവൂർ |
| 98 | കാക്കനാട് | 106 | തൃപ്പൂണിത്തുറ |
| 99 | കൊച്ചി എച്ച് ഒ | 107 | വൈറ്റില, എറണാകുളം |
| 100 | കൂത്താട്ടുകുളം | | |
| **തൃശ്ശൂർ ജില്ല** | | | |
| 108 | ചാലക്കുടി എച്ച് ഒ | 113 | തൃശ്ശൂർ ഈസ്റ്റ് പി ഒ |
| 109 | ഗുരുവായൂർ | 114 | തൃശ്ശൂർ എച്ച് ഒ |
| 110 | ഇരിഞ്ഞാലക്കുട | 115 | തൃശ്ശൂർ സിറ്റി പി ഒ |
| 111 | കൊടുങ്ങല്ലൂർ | 116 | വാടാനപ്പള്ളി |
| 112 | കുന്നംകുളം | 117 | വടക്കാഞ്ചേരി എച്ച് ഒ |
| **പാലക്കാട് ജില്ല** | | | |
| 118 | ആലത്തൂർ എച്ച് ഒ | 123 | പാലക്കാട് എച്ച് ഒ |
| 119 | ചിറ്റൂർ | 124 | പട്ടാമ്പി |
| 120 | മണ്ണാർക്കാട് | 125 | ഷൊർണ്ണൂർ |
| 121 | ഒലവകോട് എച്ച് ഒ | 126 | വടക്കഞ്ചേരി |
| 122 | ഒറ്റപ്പാലം എച്ച് ഒ | | |

| | | | |
|---|---|---|---|
| **മലപ്പുറം ജില്ല** | | | |
| 127 | കോട്ടയ്ക്കൽ | 132 | പെരിന്തൽമണ്ണ |
| 128 | കുറ്റിപ്പുറം | 133 | പൊന്നാനി എച്ച് ഒ |
| 129 | മലപ്പുറം എച്ച് ഒ | 134 | തിരൂർ എച്ച് ഒ |
| 130 | മഞ്ചേരി എച്ച് ഒ | 135 | വളാഞ്ചേരി |
| 131 | നിലമ്പൂർ | | |
| **കോഴിക്കോട് ജില്ല** | | | |
| 136 | കാലിക്കട്ട് സിവിൽ സ്റ്റേഷൻ എച്ച് ഒ | 141 | കുന്നമംഗലം |
| 137 | കാലിക്കട്ട് എച്ച് ഒ | 142 | മേപ്പയൂർ |
| 138 | മാവൂർ | 143 | തിരുവമ്പാടി |
| 139 | ഫെറോക്ക് | 144 | വടകര എച്ച് ഒ |
| 140 | കൊയിലാണ്ടി എച്ച് ഒ | | |
| **വയനാട് ജില്ല** | | | |
| 145 | കൽപ്പറ്റ എച്ച് ഒ | 147 | സുൽത്താൻ ബത്തേരി |
| 146 | മാനന്തവാടി | 148 | താമരശ്ശേരി |
| **കണ്ണൂർ ജില്ല** | | | |
| 149 | ഇരിട്ടി | 153 | പയ്യന്നൂർ |
| 150 | കണ്ണൂർ സിവിൽ സ്റ്റേഷൻ | 154 | ശ്രീകണ്ഠപുരം |
| 151 | കണ്ണൂർ എച്ച് ഒ | 155 | തലശ്ശേരി |
| 152 | മട്ടന്നൂർ | 156 | തളിപ്പറമ്പ |
| **കാസർഗോഡ് ജില്ല** | | | |
| 157 | കാഞ്ഞങ്ങാട് എച്ച് ഒ | 159 | മഞ്ചേശ്വർ |
| 158 | കാസർഗോഡ് എച്ച് ഒ | 160 | നീലേശ്വരം |

## കേരളത്തിനു പുറത്തുള്ള പോസ്റ്റ് ഓഫീസുകൾ

| | | | |
|---|---|---|---|
| 1 | **ബാംഗ്ലൂർ**<br>ബാംഗ്ലൂർ ജി.പി.ഒ - 560 001<br>ഫോൺ : 080 - 22868652 | 5 | **ഹൈദരാബാദ്**<br>ഹൈദരാബാദ് ജി.പി.ഒ - 500 001<br>ഫോൺ : 040 - 23463515 |
| 2 | **ഭോപ്പാൽ**<br>**ഭോപ്പാൽ** ജി.പി.ഒ - 462 001<br>ഫോൺ : 755 - 2673272 | 6 | **ലഖ്നൗ**<br>ലഖ്നൗ ജി.പി.ഒ - 226 001<br>ഫോൺ : 0522 - 2237908 |
| 3 | **ചാണ്ഢിഗർ**<br>ചാണ്ഢിഗർ ജി.പി.ഒ - 160 017<br>ഫോൺ : 0172 - 2703716 | 7 | **മുംബൈ**<br>മുംബൈ ജി.പി.ഒ - 400 001<br>ഫോൺ : 022 - 22620693 |
| 4 | **ചെന്നൈ**<br>ചെന്നൈ ജി.പി.ഒ - 600 001<br>ഫോൺ : 044 - 25216766 | 8 | **ന്യൂഡെൽഹി**<br>ന്യൂഡെൽഹി ജി.പി.ഒ - 110 001<br>ഫോൺ : 011 - 23743602 |